ക്രിസ്തുവിന്റെ ഉയിർപ്പും ടെലിപോർട്ടേഷനും

ഫാ. ഡോ. കെ. എം. ജോർജ്ജ്

ഭാവനാപൂർണ്ണമായ ശാസ്ത്രനോവലുകൾ എഴുതുന്നവരാണ് 'ടെലിപോർട്ടേഷൻ' (teleportation) എന്ന വാക്ക് ആദ്യം ഉപയോഗിച്ചു തുടങ്ങിയത്. ഇവിടെ എന്റെ മേശപ്പുറത്തിരിക്കുന്ന ഒരു കപ്പ് ഒരു നിമിഷത്തിനകം ആറായിരം കിലോമീറ്റർ ദൂരെയുള്ള നിങ്ങളുടെ മേശപ്പുറത്ത് പ്രത്യക്ഷപ്പെടുന്നു. അതേ കപ്പു തന്നെ! യാതൊരു വ്യത്യാസവുമില്ല! ഒറിജിനൽ കപ്പ് ഇല്ലാതാവുകയും "പുതിയൊരു ഒറിജിനൽ" വളരെ വിദൂരത്തിൽ നിമിഷം കൊണ്ട് രൂപപ്പെടുകയും ചെയ്യുന്നു. മറ്റൊരു ഉദാഹരണം. അമേരിക്കയിൽ ഒരു ഫോൺബൂത്തിൽ കയറുന്ന സായ്പ് അവിടെ അപ്രത്യക്ഷമാവുകയും, ഞൊടിയിടയിൽ അനന്തപുരിയിൽ ഒരു ഫോൺബൂത്തിൽ നിന്ന് കൂളായി ഇറങ്ങിവരികയും ചെയ്യുന്നു. ഇത്തരം രസകരമായ സങ്കൽപ്പത്തെയാണ് ടെലിപോർട്ടേഷൻ (വിദൂരസംവഹനം) എന്ന പേരിൽ സൂചിപ്പിക്കുന്നത്. സയൻസ് ഫിക്ഷന് പ്രിയങ്കരമാണ് ഇത്തരം സങ്കൽപ്പങ്ങൾ.

നിങ്ങൾക്ക് ഒരു സാധനം വളരെ ദൂരെയുള്ള ഒരു രാജ്യത്തേക്ക് അയക്കണമെങ്കിൽ, അത് ഭദ്രമായി പൊതിഞ്ഞുകെട്ടി, അനേക ദിവസങ്ങളോ, മാസങ്ങളോ എടുത്ത് വണ്ടിയിലും വള്ളത്തിലും വിമാനത്തിലുമൊക്കെയാണല്ലോ എത്തിക്കുന്നത്. ഇങ്ങനെ അയക്കുന്ന സാധനങ്ങൾ ഒരു നിമിഷംകൊണ്ട് ഭൂമിയിൽ എവിടെ വേണമെങ്കിലും എത്തിക്കാമെന്ന അവസ്ഥ വന്നാൽ നമ്മുടെ കാർഗോ വിമാനങ്ങളും കപ്പലുകളും പോസ്റ്റൽ വകുപ്പുമെല്ലാം തൊഴിൽരഹിതമാകും. ഇപ്പോഴത്തെ കമ്യൂണിക്കേഷൻ, ട്രാൻസ്പോർട്ടേഷൻ സംവിധാനങ്ങളെല്ലാം അപ്രസക്തമാവും.

വെറും സങ്കൽപ്പമെന്ന് ഒരിക്കൽ തോന്നിയിരുന്ന ഈ ആശയത്തെ, വളരെ ഗൗരവമായിട്ട് എടുത്താണ് ക്വാണ്ടം ഫിസിക്സിൽ പുതിയ പരീക്ഷണങ്ങൾ നടത്തുന്നത്. ഊർജ്ജമായി മാറുന്ന ദ്രവ്യത്തിന്റെ അതിസൂക്ഷ്മതലങ്ങളിൽ വ്യവഹരിക്കുന്ന ക്വാണ്ടം സിദ്ധാന്തമനുസരിച്ച് ഇത്തരം ടെലിപോർട്ടേഷൻ തത്ത്വത്തിൽ സാദ്ധ്യമാണ്. മാത്രവുമല്ല, കുറെ മാസങ്ങൾക്കു മുമ്പ് ഫോട്ടോൺ കണികകളെ ഇങ്ങനെ വിദൂരസംവഹനം നടത്തി, ഇതിന്റെ പ്രായോഗികസാദ്ധ്യത വളരെ ചെറിയ അളവിലാണെങ്കിലും തെളിയിക്കുകയും ചെയ്തു.

ഇത് അത്ഭുതമെന്ന് വിചാരിക്കേണ്ട. മൂന്നുനാലു ദശകങ്ങൾക്കു മുമ്പ് ഫാക്സ് യന്ത്രം പ്രചാരത്തിൽ വന്നപ്പോൾ പലർക്കും അതു ഒരു അത്ഭുതമായിരുന്നു. ഞാൻ കൈ കൊണ്ട് എഴുതിയ ഒരു എഴുത്തോ അച്ചടിച്ച ഒരു കടലാസോ ഫാക്സ് മെഷീനിൽ കയറ്റി ഏതാനും മിനിറ്റുകൾക്കകം ലോകത്തിന്റെ വേറൊരുഭാഗത്ത് എത്തിക്കാൻ സാധിക്കും. പല പത്രങ്ങളും പുതിയ എഡിഷനുകൾ തുടങ്ങിയത് അങ്ങനെയായിരുന്നു. അന്ന് അത് ഒരു അത്ഭുതമായിരുന്നു. എന്നാൽ ഇന്ന് എല്ലാവർക്കും കളിപ്പാട്ടം പോലെയായി ഫാക്സ് മെഷീൻ. അതോടൊപ്പം കമ്പ്യൂട്ടറും ഇന്റർനെറ്റും വന്നു. നമ്മുടെ എഴുത്തുകളോ രേഖകളോ ലേഖനങ്ങളോ ഒക്കെ കമ്പ്യൂട്ടറിൽ സ്കാൻ ചെയ്ത് അയക്കാൻ പറ്റും, അത് ഒരാൾക്കല്ല ഇന്റർനെറ്റ് കണക്ഷനുള്ള കോടാനുകോടി ആളുകൾക്ക് ഒരേ സമയം അയക്കാൻ സാധിക്കും. ഇതും അത്ഭുതമായാണ് ആദ്യം കണ്ടത്. പക്ഷേ ഇപ്പോൾ നമ്മുടെ വിസ്മയം ഇല്ലാതായി. ഫാക്സിലും കമ്പ്യൂട്ടറിലും ദ്വിമാന ചിത്രങ്ങളോ രേഖകളോ ആണ് നാം അയക്കുന്നത്. എന്നാൽ ടെലിപോർട്ടേഷൻ ഉന്നംവയ്ക്കുന്നത് ത്രിമാന രൂപങ്ങൾ, അതായത് നാം സാധാരണ ഉപയോഗിക്കുന്നതായ വസ്തുക്കൾ അയക്കണം എന്നാണ്. അത് ഇപ്പോൾ അത്ഭുതകരമായ സങ്കൽപ്പമായിട്ടാണ് നാം കരുതുന്നത്. പക്ഷേ അതും വാസ്തവത്തിൽ പ്രായോഗികം ആയേക്കാം എന്നത് ചരിത്രപാഠം.

ക്വാണ്ടം സിദ്ധാന്തം അനുസരിച്ച് എങ്ങനെയാണ് ഇതു നടക്കുന്നത് എന്ന് അറിവുള്ള വർ ഒരുപക്ഷേ നമുക്കു പറഞ്ഞുതരും. അതല്ല നമ്മുടെ വിഷയം. 1935-ലാണ് EPR Paradox എന്ന പേരിൽ ഒരു പുതിയ ആശയം വന്നത്. EPR എന്നു പറഞ്ഞാൽ Einstein, Podolosky, Rosen എന്നീ മൂന്നു ശാസ്ത്രജ്ഞന്മാരുടെ പേരുകളുടെ ആദ്യക്ഷരങ്ങളാണ്. ക്വാണ്ടം സിദ്ധാന്തത്തോട് അനുഭാവമില്ലാതിരുന്ന ഐൻസ്റ്റീനിന്റെ പ്രത്യേകമായ താൽപര്യം അതിന്റെ പുറകിലുണ്ട്. പരസ്പരം ബന്ധപ്പെട്ടിരിക്കുന്ന രണ്ട് കണികകളെ (Particles) പ്രത്യേക സംവിധാനം ഉപയോഗിച്ച് പരസ്പരം വളരെ വളരെ അകലേക്ക് അകറ്റുന്നു എന്നു വിചാരിക്കുക. ഒന്ന് ഇവിടെയാണെങ്കിൽ മറ്റത് ഭൂമിയുടെ മറുവശത്തായിരിക്കും. ഒന്ന് ഭൂമിയിലാണെങ്കിൽ മറ്റേത് ചന്ദ്രനിലാണെന്ന് സങ്കൽപ്പിക്കുക. ഇതിൽ ഒരു കണികയെ നാം നിരീക്ഷിക്കുന്നു, അഥവാ അളക്കുന്നു. അല്ലെങ്കിൽ ഏതെങ്കിലും തരത്തിൽ അതിനോട് ഇടപെടുന്നു എന്ന് വിചാരിക്കുക. അതേനിമിഷം വളരെ വളരെ ദൂരത്തിലുള്ള അതിന്റെ ഇണ കണികയ്ക്കും അതേ അനുഭവമുണ്ടാകുന്നു. അതിന്റെ കാരണം സാധാരണ ശാസ്ത്രത്തിന് വ്യക്തമല്ല. ഈ പരസ്പരബന്ധം എങ്ങനെ ഉണ്ടാകുന്നു എന്നതാണ് ചോദ്യം. സാധാരണ ഫിസിക്സിലെ നിയമമനുസരിച്ച് അതിന് ഒരു മാധ്യമം ആവശ്യമാണ്. ഇവിടെ സ്ഥലകാലങ്ങളുടെ മാധ്യമമില്ലാതെ അതിവിദൂരതയിൽ രണ്ട് കണികകൾ തമ്മിൽ പരസ്പരം പ്രതികരിക്കുന്നു എന്നതാണതിന്റെ വൈരുധ്യം.

ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ ഡെൻമാർക്കുകാരനായ നീൽസ് ബോർ ക്വാണ്ടം സിദ്ധാന്തം ഉന്നയിച്ചപ്പോൾ വാസ്തവത്തിൽ സ്ഥലകാലങ്ങളെ അവഗണിക്കുന്ന പ്രവണത അതിനുണ്ടായിരുന്നു. അതുകൊണ്ട്, “സ്ഥലകാല”ങ്ങളെക്കുറിച്ച് പുതിയ ആപേക്ഷികതാ സിദ്ധാന്തമുണ്ടാക്കിയ ഐൻസ്റ്റീനിന് ക്വാണ്ടം സിദ്ധാന്തത്തോട് ആദ്യം വലിയ പ്രതിപത്തി ഇല്ലായിരുന്നു. മാധ്യമമില്ലാതെ രണ്ടു കണികകൾ വളരെ അകന്നുനിന്ന് സമാനമായി പ്രതികരിക്കുന്നു എന്ന പ്രതിഭാസത്തെ, അദ്ദേഹം ഇംഗ്ലീഷിൽ spooky action at a distance എന്നാണ് വിശേഷിപ്പിച്ചത്. ഏതാണ്ട് ഇന്ദ്രജാലം പോലെയോ, പ്രേതബാധപോലെ പോലെയോ യുക്തിസഹമല്ലാത്ത ഒന്ന്. അത് ശാസ്ത്രീയമല്ല, പക്ഷേ അങ്ങനെ നടക്കുന്നുണ്ട് എന്ന് നിഷേധിക്കാനും വയ്യ. അതുകൊണ്ട് ഇത് പറഞ്ഞ ക്വാണ്ടം സിദ്ധാന്തം അപൂർണ്ണമാണ്, ആ സിദ്ധാന്തം പൂർണമായി ആവിഷ്ക്കരിക്കപ്പെടുമ്പോൾ, ഈ പ്രതിഭാസം യുക്തിപരമായി വ്യക്തമാകും എന്നാണ് ഐൻസ്റ്റീൻ ചിന്തിച്ചത്.

ക്വാണ്ടം സിദ്ധാന്തത്തിന്റെ അപൂർണ്ണത കാണിക്കാനാണ് EPR Paradox അദ്ദേഹം കൊണ്ടുവന്നത്. അത് ഒരു സാങ്കൽപ്പിക പരീക്ഷണമായിരുന്നു. ഇംഗ്ലീഷിൽ “thought experiment” എന്നു പറയും. എന്നാൽ 30 വർഷങ്ങൾക്കുശേഷം ജോൺ ബെൽ എന്ന ഭൗതിക ശാസ്ത്രജ്ഞൻ യഥാർത്ഥ പരീക്ഷണം നടത്തി അത് തെളിയിച്ചു. ഇങ്ങനെ ഒരു പ്രതിഭാസം വാസ്തവത്തിൽ ഉണ്ട്; കണികകൾ തമ്മിൽ മാധ്യമമില്ലാതെ തന്നെ ബന്ധപ്പെടുന്നു; അതുപോലെതന്നെ ഒന്നിനെ നാം നിരീക്ഷിക്കുമ്പോൾ അതിന്റെ അനുഭവം മറ്റേതിനും ഉണ്ടാകുന്നു. അപ്പോൾ ആ പ്രതിഭാസം നിലനിൽക്കുന്നുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ആശയവിനിമയം (Communication) നടക്കുന്നുണ്ട് എന്ന് ബെൽ പരീക്ഷണം വ്യക്തമാക്കി. അതുപോലെതന്നെ ഈ കണികകളെ സ്ഥലകാലങ്ങളുടെ മാധ്യമമില്ലാതെ വിദൂരതയിലേക്ക് ട്രാൻസ്പോർട്ട് ചെയ്യാം (സംവഹിക്കാം). വാസ്തവത്തിൽ അതാണ് ടെലിപോർട്ടേഷൻ എന്ന ആശയത്തിലേക്ക് വഴിതെളിച്ചത്. ഇത് ഇപ്പോൾ അത്ഭുതമാണ്, ഈ അത്ഭുതത്തിനു പുറകിൽ സാധാരണ യുക്തിക്കു ചേരുന്ന ഒരു വിശദീകരണം നൽകാൻ ഇപ്പോൾ ശാസ്ത്രത്തിന് ആവില്ല.

എന്തിനാണ് ഈ പുതിയ ആശയം ഇവിടെ സൂചിപ്പിച്ചത് എന്നു ചോദിച്ചാൽ, പഴയ മതവിശ്വാസത്തിലും പുതിയ ശാസ്ത്രത്തിലുമുള്ള ചില സമാനതകൾ ചൂണ്ടിക്കാണിക്കാനാണ്. ക്രിസ്തുവിന്റെ ഉയിർപ്പ് ഒരു അത്ഭുതമാണ്, ആ അത്ഭുതമാണ് ക്രിസ്തീയ വിശ്വാസത്തിന്റെ കേന്ദ്രം. പൗലോസ് അപ്പോസ്തോലൻ പറഞ്ഞതുപോലെ ‘യേശുക്രിസ്തു

ഉയിർത്തിട്ടില്ല എങ്കിൽ ഞങ്ങളുടെ പ്രസംഗം വ്യർത്ഥം. നിങ്ങളുടെ വിശ്വാസവും വ്യർത്ഥം' (1 കൊരി. 15:17). അതിന്റെ അർത്ഥം ക്രിസ്തീയ വിശ്വാസത്തിന്റെ ആണിക്കല്ല്, ഉയിർത്തെഴുന്നേറ്റ യേശുക്രിസ്തുവാണ്, ഉയിർപ്പ് നിർണ്ണായകമാണ് എന്നാണ്. സാധാരണ വ്യാഖ്യാനങ്ങളിൽ, സുവിശേഷങ്ങളിൽ പറയുന്ന ഒഴിഞ്ഞ കല്ലറ (Empty tomb) ക്രിസ്തുവിന്റെ ഉയിർപ്പിന്റെ തെളിവായി ക്രിസ്തീയ വിശ്വാസികൾ കരുതുന്നു. കർത്താവിന്റെ ആരാധകരായ സ്ത്രീകളാണ് ആദ്യം ഒഴിഞ്ഞ കല്ലറ കണ്ടത്. അവരുടെ സാക്ഷ്യം അനുസരിച്ച് പത്രോസും യോഹന്നാനുമൊക്കെ അതു പോയി കണ്ടു. കല്ലറയിൽ അടക്കംചെയ്ത ക്രിസ്തുവിന്റെ ശരീരം അവിടെ ഇല്ല എന്നാണ് അവർ മനസ്സിലാക്കിയത്. ഒരു ദൂതൻ സ്ത്രീകളോട് ക്രിസ്തു ഉയിർത്തു എന്ന് അറിയിക്കയും ചെയ്തു. അപ്പോൾ ക്രിസ്തു ഉയിർത്തെഴുന്നേറ്റു എന്ന് അവർ പ്രഘോഷിച്ചു. ആ പ്രഘോഷണമാണ് ക്രിസ്തീയ വിശ്വാസത്തിന്റെ നാരായവേരായി കരുതപ്പെടുന്നത്.

എന്നാൽ കല്ലറയിൽ നിന്ന് അപ്രത്യക്ഷനായ ക്രിസ്തു വാതിലുകളും ജനലുകളും ഭദ്രമായി അടച്ച മുറിയിൽ അപ്പോസ്തോലന്മാർക്ക് വീണ്ടും പ്രത്യക്ഷപ്പെട്ടു എന്നാണ് സുവിശേഷങ്ങൾ രേഖപ്പെടുത്തുന്നത്. അങ്ങനെയുള്ള ഒരു സംഭവം - ഒരിടത്ത് അപ്രത്യക്ഷമാകുകയും, വേറൊരിടത്ത് പ്രത്യക്ഷപ്പെടുകയും ചെയ്യുന്ന സംഭവം - വിശ്വാസികൾ മാത്രം വിശ്വസിക്കുന്ന ഒന്നാണ്. അത് അന്ധവിശ്വാസമാണ്, അസത്യമാണ് എന്ന് പറഞ്ഞ് തള്ളിക്കളയുന്ന ധാരാളം ആളുകൾ ലോകത്തിൽ ഉണ്ട്. അത്ഭുതം എന്ന് കരുതുന്ന സംഗതി അവിടെ നടന്നു എന്നാണ് വിശ്വാസികൾ കരുതുന്നത്. ശാസ്ത്രംകൊണ്ട് വിശ്വാസത്തെ തെളിയിക്കാനോ, വിശ്വാസംകൊണ്ട് ശാസ്ത്രത്തെ ചെറുതാക്കാനോ അല്ല ഇക്കാര്യം ഇവിടെ സൂചിപ്പിക്കുന്നത്. ടെലിപോർട്ടേഷൻ എന്ന ശാസ്ത്രത്തിലെ ഒരു സങ്കൽപ്പം വിരോധാഭാസമായി, നിലനിൽക്കുന്നു. അതേസമയം അതിനു പ്രായോഗികമായ ഒരു യാഥാർത്ഥ്യം ഉണ്ട് എന്ന് കണ്ടതുപോലെ തന്നെ, ക്രിസ്തീയ വിശ്വാസത്തിലും അത്ഭുതം എന്ന് വ്യവഹരിക്കപ്പെടുന്ന ചില സംഗതികളെ പുതിയ ശാസ്ത്രം ഏതാണ്ട് ഒരളവിൽ ന്യായീകരിക്കുന്നതുപോലെ, തോന്നുന്നു. ഇത് ഒരു സൂചന മാത്രമാണ്. ഒരു തെളിവായി എടുക്കാനല്ല ഇത് പറയുന്നത്.

നമ്മുടെ ഈ സ്ഥൂല ലോകത്തിൽ ഭൗതികമായി നാം കാണുകയും ഇടപെടുകയും ചെയ്യുന്ന "യഥാർത്ഥ" ലോകത്തിന്റെ അടിസ്ഥാനമായുള്ളത് അതി സൂക്ഷ്മമായ ക്വാണ്ടം ലോകമാണ്. അണുഗർഭത്തിനുള്ളിലെ കണികകളും ഉപകണികകളും അവയുടെ പ്രവചനവിധേയമല്ലാത്ത ഊർജ്ജ വ്യവഹാരങ്ങളും അനിശ്ചിതമായ സംഭവ്യതകളുമൊക്കെയാണ് ക്വാണ്ടം ഫിസിക്സിന്റെ തട്ടകം. നാം സാധാരണ യാഥാർത്ഥ്യമായി കരുതുന്ന ദ്രവ്യപ്രപഞ്ചം ഉറപ്പുള്ളതാണ്, ഉപകരണങ്ങൾകൊണ്ട് മാറ്റിമറിക്കാവുന്നതാണ്. പക്ഷേ, ഇങ്ങനെ ഉറപ്പുള്ള ദ്രവ്യപ്രപഞ്ചത്തിന്റെ അടിയിൽ, അല്ലെങ്കിൽ ഉള്ളിന്റെ ഉള്ളിൽ, ഒട്ടും തന്നെ പ്രവചനവിധേയമല്ലാത്ത, നിയാമകമല്ലാത്ത ഒരു യാഥാർത്ഥ്യം നിലനിൽക്കുന്നുണ്ട്. ഉദാഹരണമായി നമ്മൾ ഒരു നൂറു നിലയുള്ള കെട്ടിടത്തിൽ നിൽക്കുന്നു എന്നു വിചാരിക്കുക. അതിശക്തമായി പണിതിരിക്കുന്ന ഒന്നാണ്. നമുക്കതിൽ ഭയമില്ല, ഈ കെട്ടിടം താഴെ പോകില്ല എന്നു നമുക്കറിയാം. പക്ഷേ, അതു പണിത ശില്പി വന്നു പറയുകയാണ്, ഇതിങ്ങനെ കോൺക്രീറ്റ് കൊണ്ടും ലോഹംകൊണ്ടും ദൃഢമായി പണിതിട്ടുണ്ട്; പക്ഷേ, ഇതിന് ശരിയായ അടിസ്ഥാനം ഒന്നുമില്ല; ഒരു കുഴമ്പുരൂപത്തിലുള്ള ദ്രാവകത്തിലാണ് ഈ കെട്ടിടം ഇട്ടിരിക്കുന്നത്, വെള്ളംപോലെ അങ്ങോട്ടും ഇങ്ങോട്ടും ഒഴുകുന്ന ദ്രാവകത്തിലാണ് ഇത് കിടക്കുന്നത് എന്നു പറഞ്ഞാൽ നമ്മുടെ ഉള്ളൊന്ന് കാളും. വീണ്ടും അതിൽ കയറാൻ നാം ഒരിക്കൽകൂടി ആലോചിച്ചു എന്നു വരാം. ഏതാണ്ട് ഇതുപോലെയാണ് നാം കാണുന്ന ഉറപ്പുള്ള പ്രപഞ്ചം, ഐസക്ക് ന്യൂട്ടന്റെ തത്വങ്ങളനുസരിച്ച് ഭൗതികബലങ്ങളും അതിന്റെ ആകർഷണ, വികർഷണങ്ങളും നാം ഭംഗിയായി സാധാരണ ഫിസിക്സിൽ പഠിക്കുന്നുണ്ട്. പക്ഷേ, ഇതിന്റെ ഉള്ളിന്റെ ഉള്ളിൽ ഉള്ള യാഥാർത്ഥ്യം ഈ നിയ

മങ്ങൾക്ക് ഒന്നും വിധേയമാകാത്ത ഒന്നാണ് എന്ന് നാം അറിയുമ്പോൾ അത് വലിയ വൈരുധ്യമായിത്തോന്നാം. ഈ വൈരുദ്ധ്യം വിസ്മയം ഉണ്ടാക്കുന്നതാണ്. ഈ വിസ്മയം നാം നിലനിർത്തണം എന്നു മാത്രമെ വിശ്വാസത്തിന്റെയും ശാസ്ത്രത്തിന്റെയും താരതമ്യത്തിന്റെ ഫലമായി പറയുവാൻ സാധിക്കുകയുള്ളു. ആദ്യമെ സൂചിപ്പിച്ചതുപോലെ, ഒന്ന് മറ്റൊന്നിനെ തെളിയിക്കുന്നു എന്നോ നിരാകരിക്കുന്നു എന്നോ പറയാനാവില്ല. വിസ്മയിക്കാനുള്ള മനുഷ്യന്റെ ശേഷി ശാസ്ത്രത്തിലും മതത്തിലും ഒരുപോലെയാണ്.

യേശുക്രിസ്തു ഒരിക്കൽ പറഞ്ഞു, 'ആരെങ്കിലും തന്റെ ഹൃദയത്തിൽ സംശയിക്കാതെ, താൻ പറയുന്നത് സംഭവിക്കും എന്ന് വിശ്വസിച്ചുകൊണ്ട് ഈ മലയോട് നീങ്ങി കടലിൽ ചാടിപ്പോക എന്നു പറഞ്ഞാൽ അവൻ പറഞ്ഞതുപോലെ സംഭവിക്കും എന്നു സത്യമായിട്ട് ഞാൻ പറയുന്നു' (മർക്കോ. 11:23). ക്വാണ്ടം തലത്തിൽ ഇങ്ങനെ ഒരു സംഭവം സംഭവിക്കാനുള്ള സാധ്യത (probability) തത്വത്തിൽ നിലനിൽക്കുന്നു. ടെലിപോർട്ടേഷൻ എന്ന ആശയം ക്വാണ്ടം യാഥാർത്ഥ്യത്തിന്റെ സാധ്യതയെ സൂചിപ്പിക്കുന്നു എന്ന് പറയാം. നിരീക്ഷകന്റെ വിശ്വാസവും ബോധ്യവും ക്വാണ്ടം ശാസ്ത്ര പരീക്ഷണങ്ങളിൽ പ്രബലമായ സ്വാധീനം ചെലുത്തുന്നു. നാം സ്കൂളിൽ പരിചയിക്കുന്ന ക്ലാസ്സിക്കൽ ഭൗതികസിദ്ധാന്തം പഠിപ്പിക്കുന്നതുപോലെ വസ്തുനിഷ്ഠവും, നിരീക്ഷകനിൽ നിന്ന് വേറിട്ടതുമായ ഒരു യാഥാർത്ഥ്യം ക്വാണ്ടം തലത്തിൽ ഇല്ല. നമ്മുടെ സാധാരണ ലോകത്തിലാണ് ന്യൂട്ടന്റെ തത്വങ്ങൾ - വിവിധ ബലങ്ങൾ, ആകർഷണ വികർഷണങ്ങൾ - ബാധകമായിട്ടുള്ളത്. അതിസൂക്ഷ്മമായ ക്വാണ്ടം തലത്തിൽ അവ നിലനിൽക്കുന്നില്ല. ഏറ്റവും അത്ഭുതകരമായ സംഗതി ഉറച്ചതും പ്രവചനവിധേയവുമായ നമ്മുടെ "യഥാർത്ഥ" ലോകത്തിന്റെ അടിയിൽ ഈ നിയമങ്ങളൊന്നും ബാധകമല്ലാത്ത മറ്റൊരു മൗലിക യാഥാർത്ഥ്യമുണ്ട് എന്നതാണ്. അതുകൊണ്ട് ക്രിസ്തുവിന്റെ ഉയിർപ്പിൽ സംഭവിച്ചതെന്താണ് എന്ന് നമുക്ക് ശാസ്ത്രീയമായി വ്യക്തമാക്കാൻ കഴിയില്ല, എങ്കിലും ക്വാണ്ടം സിദ്ധാന്തത്തിൽ പറയുന്നതനുസരിച്ച് ഇതൊക്കെ സംഭവ്യതയിൽപ്പെട്ടതാണ്, അസംഭവ്യമല്ല എന്ന് നമുക്ക് പറയാം.